എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ

176(1433) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ എം.എൻ. ലക്ഷംവീട് പുനരുദ്ധാരണത്തിന് ജി.ഒ.(പി) 543/04/ഫിൻ. 21-11-2004 ഉത്തരവ് പ്രകാരം പ്രസ്തുത ഫണ്ട് ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) എം.എൻ. ലക്ഷംവീട് പുനരുദ്ധാരണത്തിന് നിശ്ചയിച്ച പ്രകാരം ജനറൽ വിഭാഗത്തിന് വിനിയോഗിക്കാവുന്ന 75,000 രൂപയ്ക്കും എസ്.സി. വിഭാഗത്തിന് വിനിയോഗിക്കാവുന്ന 1,00,000 രൂപയ്ക്കും പുറമെ എം.എൽ.എ.ഫണ്ട് കൂടി ഉപയോഗിക്കാൻ വേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എം.എൻ. ലക്ഷംവീടിന് സർക്കാർ നിശ്ചയിച്ച വാടകയ്ക്ക് പുറമേ വീട് ഒന്നിന് 50,000 രൂപ വീതം എം.എൽ.എ. ഫണ്ട് കൂടി വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ. ഫണ്ട് വിനിയോഗത്തിനുള്ള പൊതു മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 27-5-2004-ലെ 247/04/ധന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിർദ്ദേശിച്ചിരുന്നു എന്നാൽ 3-10-2007-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം ഈ നിർദ്ദേശം പിൻവലിക്കപ്പെട്ടു.

(സി) ലഭിച്ചിട്ടുണ്ട്. പെരിങ്ങളം ഗ്രാമപഞ്ചായത്തിലെ കല്ലറക്കാട് എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും വീടൊന്നിന് 50000 രൂപ വിനിയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകാൻ തീരുമാനമായി .

(ഡി) ഇക്കാര്യത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly